**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2012** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ ആരോപണങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കും എതിരെ സ്വർണ്ണക്കടത്ത് കേസ് പ്രതി ഉന്നയിച്ച ആരോപണങ്ങളിൽ ഗൂഢാലോചന ഉണ്ടോയെന്ന് അന്വേഷിക്കുന്നതിന് വേണ്ടി പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) | സ്വർണ്ണ കള്ളക്കടത്ത് കേസിലെ ഒരു പ്രതി മാധ്യമങ്ങളുടെ മുന്നിൽ ഉന്നയിച്ച കാര്യങ്ങളെത്തുടർന്ന്, ഗൂഢാലോചന ആരോപിച്ചു കൊണ്ട് ശ്രീ.കെ.ടി.ജലീൽ എം.എൽ.എ പരാതി നൽകിയിരുന്നു. അതേത്തുടർന്ന് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2022 u/s 153, 120 (B) IPC പ്രകാരവും അഡ്വ.സി.പി.പ്രമോദ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിലെ ക്രൈം നം.423/2022 u/s 505 (1) (b), 465 IPC, 65 of IT Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. നിലവിൽ അന്വേഷണം തിരുവനന്തപുരം ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമാണ് നടത്തുന്നത്. അന്വേഷണത്തിന്റെ മേൽനോട്ട ചുമതല ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത അന്വേഷണ സംഘത്തിൽ ഉൾപ്പെട്ടിരിക്കുന്നവർ ആരൊക്കെയാണെന്ന് തസ്തിക അടിസ്ഥാനത്തിൽ വ്യക്തമാകുമോ; | (ബി) | പ്രസ്തുത അന്വേഷണ സംഘത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ പേരു വിവരം തസ്തിക അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.<br><br>1.Sri.Sadanandan P.P,<br><br>Addl. Supdt of Police, Kannur City.<br><br>2.Sri.Amminikkuttan,<br><br>Dy.SP, Crime Branch, Kottayam.<br><br>3.Sri.Abdul Rahim C.A,<br><br>Dy.SP, DCRB, Kasaragod.<br><br>4.Sri.Santhosh T.R, |

| | | | |
|---|---|---|---|
| | | | Dy.SP, EOW, Thrissur.<br><br>5.Sri.Anil Kumar.B,<br><br>Asst. Commissioner of Police, District Crime Branch, Tvpm City.<br><br>6. Sri.Abdul Shereef K.K,<br><br>Dy.SP, Sulthan Batheri Sub Division, Wayanad.<br><br>7.Sri.V.K.Raju,<br><br>Asst.Commissioner of Police, Thrissur Sub Division, Thrissur City.<br><br>8.Sri.Abhilash.A,<br><br>Asst. Commissioner of Police, District Special Branch, Kochi City.<br><br>9. Sri.Raj Kumar.P, Asst.Commissioner of Police,<br><br>EKM Sub Division, Kochi City.<br><br>10.Sri.K.C.Sethu,<br><br>Asst.Commissioner of Police,<br><br>Ollur Sub Divison, Thrissur City.<br><br>11.Sri.Adhamkhan.A, IP, Vadakkanchery PS, Palakkad. |
| (സി) | പോലീസിൽ ക്രിമിനൽ പശ്ചാത്തലം ഉള്ളതായി പറയപ്പെടുന്നവരെ സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ കൃത്യമായ വിവരങ്ങൾ ലഭ്യമാണോ; ആയതുപ്രകാരം ക്രിമിനൽ പശ്ചാത്തലമുള്ള ആരെങ്കിലും മേല്പറഞ്ഞ അന്വേഷണ സംഘത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരും തസ്തികയും ക്രിമിനൽ പശ്ചാത്തലവും വ്യക്തമാക്കുമോ? | (സി) | ആഭ്യന്തര വകുപ്പിൽ ലഭ്യമായ വിവരപ്രകാരം, ക്രിമിനൽ പശ്ചാത്തലത്തിൽ ഉള്ളവർ അന്വേഷണ സംഘത്തിൽ ഉൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ